**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2315** **06-07-2022 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ സീനിയോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | എക്സൈസ് വിഭാഗത്തിനെ സേനാവിഭാഗം ആയി അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സേനകൾക്ക് നൽകുന്ന എല്ലാ അലവൻസുകളും ആനുകൂല്യങ്ങളും എക്സൈസ് വകുപ്പിലെ ജീവനക്കാർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | അബ്കാരി/എൻ.ഡി.പി.എസ് കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം എന്ന നിലയ്ക്ക് എക്സൈസ് വകുപ്പ് അച്ചടക്കമുള്ള ഒരു സേനാവിഭാഗമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ എക്സൈസ് വകുപ്പിനെ സേനാവിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | എക്സൈസ് വകുപ്പിൽ പതിനേഴ് വർഷത്തിലധികമായി സർവീസ് ഉണ്ടായിട്ടും പ്രമോഷൻ ലഭിക്കാത്ത സിവിൽ എക്സൈസ് ഓഫീസർമാരുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണിച്ചുകൊണ്ട് കൂടുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എക്സൈസ് വകുപ്പിലെ യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 8,15,22,27 വർഷങ്ങളിലെ സേവനകാലം കണക്കാക്കി സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതോടൊപ്പം, 15 വർഷം സേവനം പൂർത്തിയാക്കുന്ന യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാർക്ക് പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) സ്ഥാനകയറ്റവും 22 വർഷ പൂർത്തീകരിച്ച യോഗ്യരായ പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസെക്ടർ(ഗ്രേഡ്) സ്ഥാനക്കയറ്റവും നൽകി വരുന്നുണ്ട്. 17 വർഷത്തിലധികമായി സർവ്വീസ ഉണ്ടായിട്ടും പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഓരോ ജില്ലകളിലു ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നത്. ഇക്കാര്യം പരിഗണിച്ച് കൂടുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലില്ല. |
| (സി) | എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും | (സി) | എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും |

| | | | |
|---|---|---|---|
| | സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് തീർപ്പാകാത്ത എത്ര പരാതികൾ നിലവിലുണ്ടെന്നും ഓരോ പരാതിയും എത്ര കാലമായി തീർപ്പാകാതെ അവശേഷിക്കുകയാണെന്നും വ്യക്തമാക്കുമോ; | | സീനിയോരിറ്റിയുമായി ബന്ധപ്പെട്ട് കെ.എസ്&എസ്.എസ്.ആർ ചട്ടം 27(B) പ്രകാരം ലഭിച്ചിട്ടുള്ള പരാതികൾ സമയ ബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ കോട്ടയം ഡിവിഷനിൽ അന്തർജില്ലാസ്ഥലംമാറ്റം വഴി സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ അധികമായി വന്ന ജീവനക്കാരെ താഴേയ്ക്ക് ക്രമീകരിച്ച് സിവിൽ എക്സൈസ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് ജില്ലാതലത്തിൽ പുന:ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർ ടിയാന്മാരുടെ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ പ്രൊമോഷൻ തീയതി പുന:ക്രമീകരിക്കണം എന്ന് കാണിച്ച് പരാതി സമർപ്പിച്ചിട്ടുള്ളതും ആയത് എക്സൈസ് കമ്മീഷണറുടെ പരിഗണനയിലാണ്. മേൽ പരാതികൾ ലഭിച്ചിട്ട് രണ്ട് മാസത്തോളമായിട്ടുണ്ട്. |
| (ഡി) | സീനിയോരിറ്റി സംബന്ധിച്ച പരാതികളിൽ തീർപ്പുകൽപ്പിക്കാതെ ഒരു കൂട്ടം പ്രിവന്റീവ് ഓഫീസർമാർക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പരാതികളിൽ തീർപ്പ് കൽപ്പിക്കുമ്പോൾ അനുവദിച്ച പ്രമോഷനുകൾ അനധികൃതമാണെന്ന് ബോധ്യപ്പെട്ടാൽ അവർക്ക് നൽകിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റുകളുമായി ബന്ധപ്പെട്ട് നിരവധി കോടതി കേസുകൾ നിലനിൽക്കുന്നത് കാരണം സംസ്ഥാനതല സീനിയോരിറ്റി ലിസ്റ്റ് സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ കഴിയാത്ത സാഹചര്യം വരികയും, അത്തരത്തിൽ വകുപ്പിൽ ഉണ്ടായിരുന്ന ഒഴിവുകൾ നികത്താൻ കഴിയാതിരുന്നത് വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കും എന്നത് പരിഗണിച്ച് സർക്കാർ നിർദ്ദേശിച്ച പ്രകാരം കെ.എസ്&എസ്.എസ്.ആർ ചട്ടം 31(a)(i) പ്രകാരം പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ തസ്തികകളിലേയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്. താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ ശമ്പള നിർണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ആണ് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ